4511
17/3/21

©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2020 നവംബർ 21<br>21st November 2020<br>1196 വൃശ്ചികം 6<br>6th Vrischikam 1196<br>1942 കാർത്തികം 30<br>30th Karthika 1942 | നമ്പർ<br>No. 2859 |

### കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-ഇ) വകുപ്പ്

### വിജ്ഞാപനം

നമ്പർ 15312/ലെഗ്.ഇ1/2020/നിയമം.

*തിരുവനന്തപുരം, 2020 നവംബർ 21*
*1196 വൃശ്ചികം 6*
*1942 കാർത്തികം 30.*

2020 നവംബർ 20-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെ പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അരവിന്ദ ബാബു പി. കെ.,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2020-ലെ 79-ാം നമ്പർ ഓർഡിനൻസ്

## 2020-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

2011-ലെ കേരള പോലീസ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—2011-ലെ കേരള പോലീസ് ആക്റ്റ് (2011-ലെ 8) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടിയെടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2020-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2011-ലെ 8-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലയളവിൽ 2011-ലെ കേരള പോലീസ് ആക്റ്റിന് (2011-ലെ 8) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ഉം 4-ഉം വകുപ്പുകളിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. 118-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 118-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"118എ. ഭീഷണിപ്പെടുത്തുന്നതോ അധിക്ഷേപിക്കുന്നതോ അപമാനകരമായതോ അപകീർത്തികരമായതോ ആയ ഏതെങ്കിലും കാര്യം നിർമ്മിക്കുകയോ പ്രകടിപ്പിക്കുകയോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>പ്രസിദ്ധീകരിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നതിനുള്ള ശിക്ഷ</u>.—ഒരാളെയോ ഒരു വിഭാഗം ആളുകളെയോ ഭീഷണിപ്പെടുത്തുന്നതിനോ അധിക്ഷേപിക്കുന്നതിനോ അപമാനിക്കുന്നതിനോ അപകീർത്തിപ്പെടുത്തുന്നതിനോ വേണ്ടി ഏതെങ്കിലും കാര്യമോ വിഷയമോ, വ്യാജമെന്ന് അറിഞ്ഞുകൊണ്ട്, ഏതെങ്കിലും തരത്തിലുള്ള വിനിമയോപാധിയിലൂടെ നിർമ്മിക്കുകയോ പ്രകടിപ്പിക്കുകയോ പ്രസിദ്ധീകരിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുകയും അത് അങ്ങനെയുള്ള ആളിന്റെയോ ഒരു വിഭാഗം ആളുകളുടെയോ അവർക്ക് താല്പര്യമുള്ള മറ്റേതെങ്കിലും ആളിന്റെയോ മനസ്സിനോ ഖ്യാതിക്കോ വസ്തുവിനോ ഹാനിയുണ്ടാക്കുവാനിടയാക്കുകയും ചെയ്യുന്ന ഏതൊരാളെയും, കുറ്റസ്ഥാപനത്തിന്മേൽ, മൂന്നുവർഷം വരെയാകാവുന്ന തടവോ പതിനായിരം രൂപവരെയാകാവുന്ന പിഴയോ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.".

4. <u>125-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 125-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, "118," എന്നീ അക്കങ്ങൾക്കും ചിഹ്നത്തിനും ശേഷം "118എ," എന്നീ അക്കങ്ങളും അക്ഷരവും ചിഹ്നവും ചേർക്കേണ്ടതാണ്.

ആരിഫ് മുഹമ്മദ് ഖാൻ,
*ഗവർണ്ണർ.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

**Law (Legislation-E) Department**

NOTIFICATION

No. 15312/Leg.E1/2020/Law.

*Dated, Thiruvananthapuram, 21st November, 2020*
*6th Vrischikam, 1196*
*30th Karthika, 1942.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Police (Amendment) Ordinance, 2020 (79 of 2020).

By order of the Governor,

ARAVINTHA BABU P. K.,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2020-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ്" published under the authority of the Governor.]

**ORDINANCE No. 79 OF 2020**

# THE KERALA POLICE (AMENDMENT) ORDINANCE, 2020

Promulgated by the Governor of Kerala in the Seventy-first Year of the Republic of India.

*AN*

*ORDINANCE*

*further to amend the Kerala Police Act, 2011.*

*Preamble.*—WHEREAS, it is expedient further to amend the Kerala Police Act, 2011 (8 of 2011) for the purposes hereinafter appearing;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Police (Amendment) Ordinance, 2020.

(2) It shall come into force at once.

2. *Act 8 of 2011 to be temporarily amended.*—During the period of operation of this Ordinance, the Kerala Police Act, 2011 (8 of 2011) (hereinafter referred to as the principal Act) shall have effect subject to the amendments specified in sections 3 and 4.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. *Amendment of section 118.*—In the principal Act, after section 118, the following section shall be inserted, namely:—

"118 A. *Punishment for making, expressing, publishing or disseminating any matter which is threatening, abusive, humiliating or defamatory.*—Whoever makes, expresses, publishes or disseminates through any kind of mode of communication, any matter or subject for threatening, abusing, humiliating or defaming a person or class of persons, knowing it to be false and that causes injury to the mind, reputation or property of such person or class of persons or any other person in whom they have interest shall on conviction, be punished with imprisonment for a term which may extend to three years or with fine which may extend to ten thousand rupees or with both.".

4. *Amendment of section 125.*—In sub-section (1) of section 125 of the principal Act, after the figures and symbol "118," the figures, letter and symbol "118A," shall be inserted.

ARIF MOHAMMED KHAN,
*GOVERNOR.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.11.21 08:25:57 +05:30

രഹസ്യം

No.4(#36

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 21-10-2020

ഫയൽ നം. ഇ4/315/2020/ആഭ്യന്തരം. ഇനം നം: 4283

വിഷയം : ആഭ്യന്തര വകുപ്പ് - കേരള പോലീസ് ആക്ട്, 2011 - ഭേദഗതി ചെയ്യുന്നതിന് ഓർഡിനൻസ് പുറപ്പെടുവിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

21/10/2020
ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

21/10

AS(E)

17

4283

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : ഇ 4/315/2020/ആഭ്യന്തരം |
| 2 | വകുപ്പ് | : ആഭ്യന്തര (ഇ) വകുപ്പ് |
| 3 | വിഷയം | : കേരള പോലീസ് ആക്ട്, 2011 – ഭേദഗതി ചെയ്യുന്നതിന് ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 29.09.2020 |
| 5 | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | : അല്ല. |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : ഉണ്ട്. |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | : ഡോ. ഒ. സെറീന |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ശ്രീ.സഞ്ജയ് എം കൗൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 13.10.2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 15.10.2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 16.10.2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 19.10.2020 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള പോലീസ് ആക്റ്റ്, 2011 ന് (2011 ലെ 8ാം ആക്റ്റ്) ഭേദഗതി വരുത്തുന്ന വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2. ബഹുമാനപ്പെട്ട സുപ്രീംകോടതി, രാജ്യത്തിന്റെ ഭരണ ഘടനയുടെ അനുച്ഛേദം 19(1)(a) യിൽ പ്രതിപാദിച്ചിട്ടുള്ള അഭിപ്രായ സ്വാതന്ത്ര്യത്തിന് എതിരാണെന്ന് ചൂണ്ടിക്കാട്ടി 2000-ലെ ഐ റ്റി ആക്റ്റിലെ (2000 ലെ 21 ാം ആക്റ്റ്) 66 A വകുപ്പും 2011-ലെ കേരള പോലീസ് ആക്റ്റിലെ 118(d) വകുപ്പും റദ്ദ് ചെയ്തിരുന്നു. മറ്റ് നിയമവ്യവസ്ഥകൾ നിലവിലില്ലാത്തതിനാൽ , സാമൂഹിക മാധ്യമങ്ങൾ വഴി നടക്കുന്ന കുറ്റകൃത്യങ്ങൾ നേരിടുന്നതിനുള്ള നിയമങ്ങളുടെ ഒരു ശൂന്യതയ്ക്ക് ഇത് കാരണമായി. അപമാനിക്കപ്പെടുന്നതോ ഭീഷണിപ്പെടുത്തുന്നതോ ആയ സംഭവങ്ങൾ സാമൂഹിക മാധ്യമങ്ങൾ മുഖേന പ്രചരിപ്പിച്ച് ജനങ്ങളെ അപകീർത്തിപ്പെടുത്തുന്നതോ ശല്യപ്പെടുത്തുന്നതോ ആയ ധാരാളം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെതിരെ ഫലപ്രദമായ നടപടിയെടുക്കാൻ പോലീസിന് കഴിയാത്ത നിലയുണ്ടായിട്ടുണ്ട്. 11.05.2020 ൽ BA No.2459/2020 എന്ന കേസിൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ, സാമൂഹിക മാധ്യമങ്ങളിലൂടെ നടക്കുന്ന വർദ്ധിച്ച വിദ്വേഷ പ്രസ്താവനകളിലെ ആപത്തിനെക്കുറിച്ച് പരാമർശിക്കുകയും ഇത് കൈകാര്യം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ചീഫ് സെക്രട്ടറിയ്ക്കും പോലീസ് മേധാവിയ്ക്കും നിർദ്ദേശം നല്കുകയും ചെയ്തിരുന്നു. COVID-19-ന് ശേഷം, സാമൂഹിക മാധ്യമങ്ങളിലൂടെയുള്ള കള്ള പ്രചാരണങ്ങളും വിദ്വേഷപ്രസ്താവനകളും വളരെയധികം വർദ്ധിച്ചിട്ടുണ്ട്.

3. അടുത്തകാലത്ത്, വിവരസാങ്കേതിക മേഖലയുമായി പ്രത്യേകിച്ച് സാമൂഹിക മാധ്യമങ്ങളുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്യപ്പെട്ട ചില കുറ്റകൃത്യങ്ങൾ സംസ്ഥാനത്തെ സ്ത്രീ സമൂഹത്തിനിടയിൽ ആശങ്കയും തങ്ങളുടെ സ്വകാര്യജീവിതത്തേയും സുരക്ഷയേയും കുറിച്ച് ഉത്ക്കണ്ഠ ഉണ്ടാക്കിയിട്ടുണ്ടെന്നതിനാൽ , ക്രമസമാധാനപാലനത്തിലൂടെ ഈ സാഹചര്യങ്ങളെ കൈകാര്യം ചെയ്യേണ്ടത് ത്വരിതഗതിയിലാക്കേണ്ടത് ആവശ്യമായിരിക്കുന്നു . ഇത്തരം സാഹചര്യങ്ങൾ നേരിടുന്നതിനായി 2011 ലെ കേരള പോലീസ് ആക്റ്റിൽ ആവശ്യമായ വ്യവസ്ഥകൾ

ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമായി തീർന്നിട്ടുണ്ട്. ഇതിനായി, 2011 ലെ കേരള പോലീസ് ആക്റ്റിൽ '118 എ' എന്ന വകുപ്പ്' പുതുതായി കൂട്ടിച്ചേർക്കുന്നതിന് ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനുള്ള ഒരു ശിപാർശ സംസ്ഥാന പോലീസ് മേധാവി സർക്കാരിന് സമർപ്പിച്ചിരുന്നു. ഇത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ, മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുന്നതിന് ബഹു മുഖ്യമന്ത്രി ഉത്തരവായി.

4. 2011 ലെ കേരള പോലീസ് ആക്റ്റിൽ '118 എ' എന്ന വകുപ്പ് കൂട്ടിച്ചേർക്കുന്നതിനായി തയ്യാറാക്കിയ ഓർഡിനൻസിന്റെ കരട് നിയമവകുപ്പിന്റെ പരിശോധനയ്ക്ക് അയച്ചപ്പോൾ നിയമവകുപ്പ് താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

" ബഹു. സുപ്രീം കോടതി 24.03.2015-ലെ Shreya Singhal Vs. Union of India [Writ Petition (Cr. No. 167/2012)] എന്ന കേസിലെ വിധിന്യായ പ്രകാരം 2000-ലെ Information Technology Act-ലെ (2000-ലെ 2-ാം കേന്ദ്ര ആക്റ്റ്) 66A വകുപ്പും 2011-ലെ കേരള പോലീസ് ആക്റ്റിലെ 118(d) വകുപ്പും ഭരണഘടനയുടെ അനുച്ഛേദം 19(1)(a) യിൽ പ്രതിപാദിച്ചിട്ടുള്ളതിന് വിരുദ്ധമാകുന്നെന്ന് കണ്ടെത്തിയതിനാൽ ടി വകുപ്പുകൾ റദ്ദാക്കിയിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ, വാക്കുകൾ മൂലമോ സാമൂഹിക മാധ്യമങ്ങൾ മൂലമോ പ്രചരിപ്പിക്കുന്ന അപകീർത്തികരമായതോ അപമാനകരമായതോ ആയ സംഗതികൾ സംബന്ധിച്ച് നിയമനടപടി സ്വീകരിക്കുന്നതിന് സാധ്യമല്ലാതായിരിക്കുകയും അത്തരത്തിൽ സാമൂഹികമാധ്യമങ്ങൾ വഴി ആളുകൾ അപമാനിക്കപ്പെട്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാലും ഇക്കാര്യത്തിൽ വ്യക്തമായ ശിക്ഷാനടപടികൾ നിലവില്ലാത്തതിനാലും കുറ്റക്കാർക്കെതിരെ തക്കതായ നടപടി സ്വീകരിക്കുവാൻ പോലീസ് അധികാരികൾക്ക് സാധ്യമല്ലാതായിട്ടുള്ളതാണെന്നും ഭരണ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളതാണ്.

മേൽസാഹചര്യത്തിൽ ഇത്തരം പ്രവർത്തികളെ അടിയന്തരമായി തടയുന്നതിനാവശ്യമായ ഒരു നിയമം പ്രാബല്യത്തിൽ കൊണ്ടുവരേണ്ടത് അത്യന്താപേക്ഷിതമാണെന്ന് കേരള പോലീസ് മേധാവി സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. ആയതിലേക്കായി 2011-ലെ കേരള പോലീസ് ആക്റ്റിൽ (2011-ലെ 8) അനുയോജ്യമായ ഭേദഗതി വരുത്തുന്നതിനായി പ്രസ്തുത നിയമത്തിലെ നിലവിലുള്ള 118 എന്ന വകുപ്പിന് ശേഷം 118A എന്ന ഒരു പുതിയ വകുപ്പ് കൂട്ടിച്ചേർക്കുന്നതിനും നിർദ്ദേശിച്ചുകൊണ്ടാണ് ഭരണവകുപ്പ് ഫയൽ ലഭ്യമാക്കിയിരിക്കുന്നത്.

ബഹു. സുപ്രീം കോടതി Shreya Singhal Vs. Union of India [Writ Petition (Cr. No. 167/2012)] എന്ന കേസിലെ വിധിന്യായത്തിൽ 2011-ലെ കേരള പോലീസ് ആക്റ്റിലെ ബഹു. സുപ്രീം കോടതി റദ്ദ് ചെയ്ത 118(d) വകുപ്പ് ഇപ്രകാരമായിരുന്നു,-

> *"(ഡി) പ്രസ്താവനയാലോ, അഭിപ്രായ പ്രകടനത്താലോ, ടെലഫോൺ വിളിയിലൂടെയോ, ഏതെങ്കിലും വിധത്തിലുള്ള വിളികളാലോ അനുധാവനം ചെയ്തോ, ഏതെങ്കിലും ഉപാധിയിലൂടെ സന്ദേശങ്ങളോ കത്തുകളോ അയയ്ക്കുകയോ ചെയ്ത് ഏതെങ്കിലും ആളിന് അസഭ്യമായരീതിയിൽ അസഹ്യത ഉണ്ടാക്കുകയോ;"*

മേൽവിധിന്യായത്തിലെ 106, 119(d) എന്നീ ഖണ്ഡികകളിൽ ബഹു. സുപ്രീം കോടതി ഇപ്രകാരം നിരീക്ഷിക്കുകയുണ്ടായി.

> *"106. However, what has been said about Section 66A would apply directly to Section 118(d) of the Kerala Police Act, as causing annoyance in an indecent manner suffers from the same type of vagueness and over breadth, that led to the invalidity of Section 66A, and for the reasons given for striking down Section 66A, Section 118(d) also violates Article 19(1)(a) and not being a reasonable restriction on the said right and not being saved under any of the subject-matters contained in Article 19(2) is hereby declared to be unconstitutional."*

> *"119 (d) Section 118(d) of the Kerala Police Act is struck down being violative of Article 19(1)(a) and not saved by Article 19(2)."*

കേരള പോലീസ് ആക്റ്റിലെ 118 (d) എന്ന വകുപ്പിന് അവ്യക്തതയുണ്ടെന്നും ഭരണഘടനയുടെ അനുച്ഛേദം 19(2) പ്രകാരമുള്ള reasonable restriction എന്നതിന്റെ സംരക്ഷണം ലഭ്യമല്ല എന്ന കാരണത്താലും പ്രസ്തുത വകുപ്പ് റദ്ദ്ചെയ്യപ്പെടുകയുണ്ടായി.

ഭരണവകുപ്പ് സൂക്ഷ്മ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുള്ള നിർദ്ദിഷ്ട ഭേദഗതി നിർദ്ദേശത്തിൽ,-

> *"Whoever, with the intention to intimidate or insult a person and knowing it to be false, makes or publishes by any means, any kind of abusive, threatening or humiliating content and thereby causes injury to the mind or reputation of the victim or others interested in him.........."*

എന്ന് വ്യവസ്ഥ ചെയ്യപ്പെടുന്നതു വഴി ഭരണഘടനയുടെ 19-ാം അനുച്ഛേദം (2)-ാം ഖണ്ഡത്തിലെ reasonable restriction എന്നതിന്റെ പരിധിയിൽ ഉൾപ്പെടുത്താവുന്നതും

ആയതിനാൽ പ്രസ്തുത അനുച്ഛേദത്തിൽ പരാമർശിച്ചിട്ടുള്ള reasonable restriction എന്ന പരിരക്ഷ ലഭിക്കുന്നതുമാണ്.

2011-ലെ കേരള പോലീസ് ആക്റ്റിന്റെ 2-ാം വകുപ്പ് (2)-ാം ഉപവകുപ്പ് ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നു.

*"(2) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ 1860-ലെ ഇന്ത്യൻ ശിക്ഷാനിയമത്തിലോ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലോ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും അവയിൽ നൽകിയിരിക്കുന്ന നിർവ്വചനങ്ങൾ ബാധകമായിരിക്കുന്നതാണ്."*

ഇപ്പോൾ ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടുള്ള കരട് ഭേദഗതി നിർദ്ദേശത്തിലെ പദപ്രയോഗങ്ങൾ മേൽപ്പറഞ്ഞ വ്യവസ്ഥ പ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ളതിനാൽ അവ്യക്തത ഉണ്ടാകുന്നില്ല. ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടുള്ള കരട് ഭേദഗതി നിർദ്ദേശത്തിലെ വ്യവസ്ഥകൾക്കനുസൃതമായി 2011-ലെ കേരള പോലീസ് ആക്റ്റിലെ 125-ാം വകുപ്പിൽ പുതുതായി കൂട്ടിച്ചേർക്കുന്ന **118 എ** എന്ന വകുപ്പ് കൂടി ഉൾപ്പെടുത്തി 125-ാം വകുപ്പ് ഭേദഗതി വരുത്തി കരട് ഓർഡിനൻസിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ഭരണ വകുപ്പ് പരിശോധിക്കേണ്ടതാണ്.

മേൽപ്പറഞ്ഞതിനു വിധേയമായി ഈ വകുപ്പ് തയ്യാറാക്കിയ കരട് ഓർഡിനൻസ് കൊടി 'എ' യിൽ വച്ചിട്ടുണ്ട്. ആയത് ഭരണവകുപ്പിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് അനുസൃതമാണോ എന്ന് ഭരണവകുപ്പ് പരിശോധിക്കേണ്ടതാണ്.

ഭരണവകുപ്പ് ലഭ്യമാക്കിയ കരട് ഓർഡിനൻസിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിൽ നിയമതടസ്സമില്ല. നിർദ്ദിഷ്ട നിയമനിർമ്മാണം സംബന്ധിച്ച വിഷയം പ്രധാനമായും ഭാരതത്തിന്റെ ഭരണഘടനയിലെ ഏഴാം പട്ടികയിലെ ലിസ്റ്റ് II- സംസ്ഥാന ലിസ്റ്റിലെ 1, 2 എന്നീ ഉൾക്കുറിപ്പുകളിലും ലിസ്റ്റ് III – സമവർത്തി ലിസ്റ്റിലെ 1, 2 എന്നീ ഉൾക്കുറിപ്പുകളിലും പെടുന്നു. അതായത്:-

" ലിസ്റ്റ് II – സംസ്ഥാന ലിസ്റ്റ്

1. പൊതുസമാധാനം (എന്നാൽ സിവിൽ അധികാരത്തിന് സഹായകമായി [യൂണിയന്റെ നാവികസേനയുടെയോ കരസേനയുടെയോ വ്യോമസേനയുടെയോ മറ്റേതെങ്കിലും സായുധ സേനയുടെയോ യൂണിയന്റെ നിയന്ത്രണത്തിലുള്ള മറ്റേതെങ്കിലും

സേനയുടെയോ അതിന്റെ ഒരു വിഭാഗത്തിന്റെയോ ഘടകത്തിന്റെയോ] ഉപയോഗം ഒഴികെ)

2. ലിസ്റ്റ് I-ലെ 2 ക ഉൾക്കുറിപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, പോലീസ് (റെയിൽവെ പോലീസും ഗ്രാമപോലീസും ഉൾപ്പെടെ)

*** *** *** ***

ലിസ്റ്റ് III – സമവർത്തി ലിസ്റ്റ്

1. ക്രിമിനൽ നിയമം, ഈ ഭരണഘടനയുടെ പ്രാരംഭത്തിൽ ഇൻഡ്യൻ ശിക്ഷാനിയമ സംഹിതയിൽ ഉൾപ്പെട്ടിട്ടുളളതുളള എല്ലാ വിഷയങ്ങളും ഉൾപ്പെടെയും, എന്നാൽ ലിസ്റ്റ് I-ലോ, ലിസ്റ്റ് II-ലോ പറഞ്ഞിട്ടുള്ള ഏതെങ്കിലും വിഷയം സംബന്ധിച്ചുള്ള നിയമങ്ങൾക്കെതിരായ കുറ്റകൃത്യങ്ങൾ ഉൾപ്പെടാതെയും, സിവിൽ അധികാരത്തിന് സഹായകമായി യൂണിയന്റെ നാവികസേനകളുടെയോ കരസേനകളുടെയോ വ്യോമസേനകളുടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും സായുധസേനകളുടെയോ ഉപയോഗം ഉൾപ്പെടാതെയും.

2. ക്രിമിനൽ നടപടിക്രമം, ഈ ഭരണഘടനയുടെ പ്രാരംഭത്തിൽ ക്രിമിനൽ നടപടി നിയമസംഹിതയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിഷയങ്ങളും ഉൾപ്പെടെ.

*** *** *** *** "

ആയതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് നിയമനിർമ്മാണം നടത്തുവാൻ സംസ്ഥാന നിയമസഭക്കും ഓർഡിനൻസ് പുറപ്പെടുവിക്കാൻ ബഹു. ഗവർണ്ണർക്കും അധികാരമുണ്ട്.

നിർദ്ദിഷ്ട ഭേദഗതിയിലെ വ്യവസ്ഥകൾ ഭരണഘടനയിലെ വ്യവസ്ഥകൾക്ക്, പ്രത്യേകിച്ച് മൗലികാവകാശങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾക്ക് വിരുദ്ധമല്ല. നിർദ്ദിഷ്ട ഭേദഗതി നിർദ്ദേശങ്ങൾ ഭരണഘടനയുടെ ലിസ്റ്റ് III സമവർത്തി ലിസ്റ്റിൽ എണ്ണിപ്പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ ഒന്നിനെ സംബന്ധിച്ച് പാർലമെന്റ് മുൻപ് ഉണ്ടാക്കിയിട്ടുള്ള ഒരു നിയമത്തിലെയോ ആ വിഷയം സംബന്ധിച്ച് നിലവിലുള്ള ഒരു നിയമത്തിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമല്ല. ആയതിനാൽ ഇപ്രകാരമൊരു നിയമനിർമ്മാണം നടത്തുവാൻ രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമില്ല.

കരട് ഓർഡിനൻസ് അംഗീകരിച്ചുകൊണ്ടും ഓർഡിനൻസ് പുറപ്പെടുവിക്കാൻ ബഹു. ഗവർണ്ണറോട്ട ശിപാർശ ചെയ്യുകൊണ്ടുമുള്ള മന്ത്രിസഭയുടെ തീരുമാനം നേടിയതിനുശേഷം ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനുള്ള അടിയന്തര സാഹചര്യം കൂടി രേഖപ്പെടുത്തി തുടർനടപടികൾക്കായി ഫയൽ ഈ വകുപ്പിലേക്ക്

ലഭ്യമാക്കേണ്ടതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്."

5. നിയമ വകുപ്പ് പരിശോധിച്ച് ലഭ്യമാക്കിയ കരട് ഓർഡിനൻസ് ഭരണവകുപ്പിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് അനുസൃതമാണോ എന്ന് പരിശോധിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ആയതിന് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയും പ്രകാരമായിരുന്നു.

| നിയമവകുപ്പ് പരിശോധിച്ച് ലഭ്യമാക്കിയത് | നിയമവകുപ്പ് ലഭ്യമാക്കിയ കരട് ഓർഡിനൻസിന് പോലീസ് വകുപ്പ് ലഭ്യമാക്കിയ നിർദ്ദേശങ്ങൾ |
|---|---|
| 2. 2011-ലെ 8-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.- ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലയളവിൽ 2011-ലെ കേരള പോലീസ് ആക്റ്റിന് (2011-ലെ 8) (ഇതിനു ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ഉം 4-ഉം വകുപ്പുകളിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ് | No change |
| 3. 118-ാം വകുപ്പിന്റെ ഭേദഗതി.- പ്രധാന ആക്റ്റിലെ 118-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:- "118 എ. ഭീഷണിപ്പെടുത്തുന്നതോ അധിക്ഷേപിക്കുന്നതോ അപമാനകരമായതോ | 118-ാം വകുപ്പിന്റെ ഭേദഗതി-പ്രധാന ആക്റ്റിലെ 118ാം വകുപ്പിന് ശേഷം താഴെ പ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് "118 എ. ഭീഷണിപ്പെടുത്തുന്നതോ അപമാനകരമായതോ അപകീർത്തി കരമായതോ ആയ ഏതെങ്കിലും |

| | |
|---|---|
| <u>അപകീർത്തികരമായതോ ആയ ഏതെങ്കിലും കാര്യം നിർമ്മിക്കുകയോ പ്രകടിപ്പിക്കുകയോ പ്രസിദ്ധീകരിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നതിനുള്ള ശിക്ഷ</u>.- ഒരാളെയോ ഒരു വിഭാഗം ആളുകളെയോ ഭീഷണിപ്പെടുത്തുന്നതിനോ അധി ക്ഷേപിക്കുന്നതിനോ അപമാനിക്കുന്നതിനോ അപകീർത്തിപ്പെടുത്തുന്നതിനോ വേണ്ടി ഏതെങ്കിലും കാര്യമോ വിഷയമോ, വ്യാജമെന്ന് അറിഞ്ഞുകൊണ്ട്, ഏതെങ്കിലും തരത്തിലുള്ള വിനിമയോപാധിയിലൂടെ നിർമ്മിക്കുകയോ പ്രകടിപ്പിക്കുകയോ പ്രസിദ്ധീകരിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുകയും അത് അങ്ങനെയുള്ള ആളിന്റെയോ ഒരു വിഭാഗം ആളുകളുടെയോ അവർക്ക് താല്പര്യമുള്ള മറ്റേതെങ്കിലും ആളിന്റെയോ മനസ്സിനോ ഖ്യാതിക്കോ വസ്തുവിനോ ഹാനിയുണ്ടാക്കുവാനിടയാക്കുകയും ചെയ്യുന്ന ഏതൊരാളെയും, കുറ്റസ്ഥാപനത്തിന്മേൽ, മൂന്നുവർഷം വരെയാകാവുന്ന തടവോ പതിനായിരം രൂപവരെയാകാവുന്ന പിഴയോ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്. | **<u>കാര്യം നിർമ്മിക്കുകയോ പ്രകടിപ്പിക്കുകയോ പ്രസിദ്ധീകരിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നതിനുള്ള ശിക്ഷ</u>.-** ഏതെങ്കിലും വ്യകതിയെ ഭീഷണിപ്പെടുത്തുന്നതിനോ അപമാനിക്കുന്നതിനോ അപകീർത്തിപ്പെടുത്തുന്നതിനോ വേണ്ടി ഏതെങ്കിലും കാര്യമോ വിഷയമോ ഏതെങ്കിലും തരത്തിലുള്ള വിനിമയ ഉപാധിയിലൂടെ നിർമ്മിക്കുകയോ പ്രകടിപ്പിക്കുകയോ പ്രസിദ്ധീകരിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുകയും അത് അങ്ങനെയുള്ള ആളിന്റെയോ അയാളിൽ താല്പര്യമുള്ള മറ്റേതെങ്കിലും ആളിന്റെയോ മനസ്സിനോ ഖ്യാതിയോ ഹാനിയുണ്ടാവുകാനിടയാക്കുകയും ചെയ്യുന്ന ഏതൊരാളെയും കുറ്റ സ്ഥാപനത്തിന്മേൽ അഞ്ച് വർഷം വരെ ആകാവുന്ന തടവോ പതിനായിരം രൂപ വരെ ആകാവുന്ന പിഴയോ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്. |
| 4. <u>125-ാം വകുപ്പിന്റെ ഭേദഗതി</u>.- പ്രധാന ആക്റ്റിലെ 125-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, "118," എന്നീ അക്കങ്ങൾക്കും ചിഹ്നത്തിനും ശേഷം "118 <u>എ</u>," എന്നീ | 4. <u>125-ാം വകുപ്പിന്റെ ഭേദഗതി</u>.- പ്രധാന ആക്റ്റിലെ 125-ാം വകുപ്പ് (1) ഉപവകുപ്പിൽ, "115," എന്ന അക്കത്തിന ശേഷം "118 <u>എ</u>," എന്നീ ചിഹ്നവും അക്കങ്ങളും |

| | |
|---|---|
| അക്കങ്ങളും അക്ഷരവും ചിഹ്നവും ചേർക്കേണ്ടതാണ്. (ജാമ്യം ലഭിക്കുന്നത്) | അക്ഷരവും ചേർക്കേണ്ടതാണ്. (ജാമ്യം ലഭിക്കാത്തത്) |

6. ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമ വകുപ്പ് പരിശോധിച്ച് ലഭ്യമാക്കിയ കരട് ഓർഡിനൻസ് അംഗീകരിക്കുവാൻ ബഹു മുഖ്യമന്ത്രി ഉത്തരവായി. ഇക്കാര്യം 29.09.2020 ൽ മന്ത്രിസഭയുടെ മുമ്പാകെ സമർപ്പിക്കാൻ ബഹു മുഖ്യമന്ത്രി ഉത്തരവായിരുന്നു.

## തീരുമാനിക്കേണ്ട വിഷയം

'118 എ' എന്ന വകുപ്പ് കൂട്ടിച്ചേർക്കുന്നതിനായി 2011 ലെ കേരള പോലീസ് ആക്ടിൽ (2011 ലെ 8-ാം ആക്ട്) ഭേദഗതികൾ വരുത്തുന്നതിനായി ഈ കുറിപ്പിന് അനുബന്ധമായി ചേർത്തിരിക്കുന്ന കേരളപോലീസ് (ഭേദഗതി), 2020 ഓർഡിനൻസ് അംഗീകരിക്കാമോ ?, ഓർഡിനൻസ് അംഗീകരിക്കുന്നതിന് ഗവർണ്ണറോട് ശിപാർശ ചെയ്യാമോ ?

-----------------------

35

അനുബന്ധം

2020-ലെ ....-ാം നമ്പർ ഓർഡിനൻസ്

# 2020-ലെ കേരള പോലീസ് ഭേദഗതി ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

2011-ലെ കേരള പോലീസ് ആക്റ്റ് വീണ്ടും

ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.- 2011-ലെ കേരള പോലീസ് ആക്റ്റ് (2011-ലെ 8) ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും, താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു :-

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ഓർഡിനൻസിന് 2020-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2011-ലെ 8-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.- ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലയളവിൽ 2011-ലെ കേരള പോലീസ് ആക്റ്റിന് (2011-ലെ 8) (ഇതിനു ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ഉം 4-ഉം വകുപ്പുകളിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. 118-ാം വകുപ്പിന്റെ ഭേദഗതി.- പ്രധാന ആക്റ്റിലെ 118-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:-

"118 എ. ഭീഷണിപ്പെടുത്തുന്നതോ അധിക്ഷേപിക്കുന്നതോ അപമാനകരമായതോ അപകീർത്തികരമായതോ ആയ ഏതെങ്കിലും കാര്യം നിർമ്മിക്കുകയോ പ്രകടിപ്പിക്കുകയോ പ്രസിദ്ധീകരിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നതിനുള്ള ശിക്ഷ.- ഒരാളെയോ ഒരു വിഭാഗം ആളുകളെയോ ഭീഷണിപ്പെടുത്തുന്നതിനോ അധിക്ഷേപിക്കുന്നതിനോ അപമാനിക്കുന്നതിനോ അപകീർത്തിപ്പെടുത്തുന്നതിനോ വേണ്ടി ഏതെങ്കിലും കാര്യമോ വിഷയമോ, വ്യാജമെന്ന് അറിഞ്ഞുകൊണ്ട്, ഏതെങ്കിലും തരത്തിലുള്ള വിനിമയോപാധിയിലൂടെ നിർമ്മിക്കുകയോ പ്രകടിപ്പിക്കുകയോ പ്രസിദ്ധീകരിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുകയും അത് അങ്ങനെയുള്ള ആളിന്റെയോ ഒരു വിഭാഗം ആളുകളുടെയോ അവർക്ക് താല്പര്യമുള്ള മറ്റേതെങ്കിലും ആളിന്റെയോ മനസ്സിനോ ഖ്യാതിക്കോ വസ്തുവിനോ ഹാനിയുണ്ടാക്കുവാനിടയാക്കുകയും ചെയ്യുന്ന ഏതൊരാളെയും, കുറ്റസ്ഥാപനത്തിന്മേൽ, മൂന്നുവർഷം വരെയാകാവുന്ന തടവോ പതിനായിരം രൂപവരെയാകാവുന്ന പിഴയോ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.".

4. 125-ാം വകുപ്പിന്റെ ഭേദഗതി.- പ്രധാന ആക്റ്റിലെ 125-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, "118," എന്നീ അക്കങ്ങൾക്കും ചിഹ്നത്തിനും ശേഷം "118 എ," എന്നീ അക്കങ്ങളും അക്ഷരവും ചിഹ്നവും ചേർക്കേണ്ടതാണ്.

..................